HLM-0071

The Heavenly Light Ministry

1 കരുണയിൻ നാഥൻ കരംപിടിച്ചെന്നെ
അനുദിനം നടത്തീടുന്നു
കരുതുവാൻ താതൻ കൂടെയുള്ളതിനാൽ
ആകുലമേതുമില്ല

എൻ മനമേ ആനന്ദിക്ക
തൻ നന്മകൾ ഓർത്തിടുക
കരുതുവാൻ താതൻ കൂടെയുള്ളതിനാൽ
ആകുലമേതുമില്ല

2 ജീവിതയാത്രയിൽ ഏകനായ് പോകിലും
കൂടെ നടന്നിടുന്നു
ഇരുൾ തിങ്ങും പാതയിൽ ദീപം പകർന്നെന്നെ
ഇടറാതെ നടത്തിടുന്നു

എൻ മനമേ

3 നവ്യമാം ജീവൻ നിറവായ് ചൊരിഞ്ഞെന്നെ
നിരന്തരം പുതുക്കീടുന്നു
നന്ദിയോടെന്നുള്ളം പാടിപുകഴ്ത്തും
ഉന്നതൻ നന്മകളെ

എൻ മനമേ

4 നീതിയിൻ സൂര്യൻ പാരിലുദിക്കും
നേരം ഞാൻ നമിച്ചിടുമേ
നേരായ് നടപ്പോർ പരലോകം പൂകും
നേരം ഞാൻ ചേർന്നിടുമേ

എൻ മനമേ